## ഇരുപത്തെട്ട് വർഷത്തിനു ശേഷം ഉന്നയിച്ച വ്യവസായ തർക്കം റഫർ ചെയ്യാൻ വിസമ്മതിച്ചതിൽ തെറ്റില്ല

### അലഹബാദ് ഹൈക്കോടതി

W.C. No. 56388/2016 Dt. 18.1.2020

ശാന്തി ദേവി ത്രിപാഠി

x

സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ്

സ്വകാര്യ സ്കൂളിൽ ജോലി ചെയ്തുവന്ന ക്ലർക്കിനെ മേനേജ്മെന്റ് ജോലിയിൽ നിന്ന് പിരിച്ചു വിട്ടു. 1975-ലാണ് മേനേജ്മെന്റ് അയാളുടെ സേവനം ആവശ്യമില്ലെന്ന് കത്തിലൂടെ അറിയിച്ചത്. യാതൊരു എതിർപ്പും പ്രകടിപ്പിക്കാതെ അയാൾ പിരിഞ്ഞുപോകുകയും ചെയ്തു. യാതൊരു അധികാരിയുടെ പക്കലും അയാൾ പരാതി ബോധിപ്പിച്ചുമില്ല. ഇരുപത്തെട്ട് വർഷം കഴിഞ്ഞ് അയാൾക്ക് അറുപത് വയസ്സ് പ്രായമായപ്പോൾ അയാൾ മേനേജ്മെന്റിനെ സമീപിച്ച് തന്നെ 1975-ൽ നിയമവിരുദ്ധമായി പിരിച്ചുവിട്ടതിനാൽ ഇപ്പോൾ വിരമിക്കൽ പ്രായം തികഞ്ഞ തനിക്ക് 28 വർഷത്തെ വേതനവും ആനുകൂല്യങ്ങളും നല്കണമെന്ന് ആവശ്യപ്പെട്ടു. തൊഴിലാളിയുടെ ആവശ്യം മേനേജ്മെന്റ് നിരാകരിച്ചതിനെത്തുടർന്ന് അയാൾ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ലേബർ കോടതിയെ സമീപിക്കാൻ നിർദ്ദേശിച്ച ഹൈക്കോടതി റിട്ട് ഹർജി തള്ളിക്കളഞ്ഞു. തുടർന്ന് തൊഴിലാളി അനുരഞ്ജനോദ്യോഗസ്ഥന് പരാതി നല്കി. 28 വർഷത്തെ കാലതാമസം മാപ്പാക്കിയ ഉദ്യോഗസ്ഥൻ തെളിവെടുപ്പിനു ശേഷം തൊഴിലാളി ഉന്നയിച്ച വ്യവസായ തർക്കം നിലവിലില്ലാത്തതാണെന്നും ലേബർ കോടതിയിലേക്ക് റഫർ ചെയ്യേണ്ടെന്നും കാണിച്ച് സംസ്ഥാന സർക്കാരിന് റിപ്പോർട്ട് നല്കി. അനുരഞ്ജനോദ്യോഗസ്ഥന്റെ റിപ്പോർട്ട് അംഗീകരിച്ച സംസ്ഥാന സർക്കാർ കേസ് അവസാനിപ്പിച്ചു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. 1975-ൽ തന്നെ അനധികൃതമായി റിട്രഞ്ച് ചെയ്തതുമുതൽ തന്നെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കയായിരുന്നുവെന്നും അനുകൂല തീരുമാനം കാത്തിരുന്ന് 28 വർഷം കടന്നുപോയതാണെന്നും 60 വയസ്സ് പൂർത്തിയായതിനാലാണ് അനുരഞ്ജനോദ്യോഗസ്ഥന് പരാതി നല്കിയതെന്നും തൊഴിലാളി ചൂണ്ടിക്കാട്ടി. കാലതാമസം മാപ്പാക്കിയതിനു ശേഷം വ്യവസായ തർക്കം റഫർ ചെയ്യേണ്ടെന്ന് റിപ്പോർട്ട് ചെയ്ത അനുരഞ്ജനോദ്യോഗസ്ഥന്റെ നടപടി തെറ്റാണെന്ന് തൊഴിലാളി വാദിച്ചു. പിരിച്ചുവിട്ടതിനെതിരെ തൊഴിലാളി ആദ്യമായി പരാതി നല്കിയത് 28 വർഷത്തിനു ശേഷമാണെന്നും 1975 മുതൽ നിരന്തരം പരാതിപ്പെട്ടിരുന്നുവെന്ന് തൊഴിലാളി പ്രസ്താവിച്ചത് വാസ്തവവിരുദ്ധമാണെന്നും മേനേജ്മെന്റ് വാദിച്ചു. 2003-ന് മുമ്പ് എപ്പോഴെങ്കിലും പരാതി ഉന്നയിച്ചുവെന്ന് കാണിക്കാൻ തൊഴിലാളിക്ക് സാധിച്ചിട്ടില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. 2003-ൽ പരാതി ഉന്നയിക്കുമ്പോൾ വ്യവസായ തർക്കം നിലവിലില്ലെന്ന് സംസ്ഥാന സർക്കാർ വിലയിരുത്തിയതിൽ തെറ്റില്ലെന്നും അനുരഞ്ജനോദ്യോഗസ്ഥന്റെ റിപ്പോർട്ട് അനുസരിച്ച് പ്രവർത്തിക്കാൻ സംസ്ഥാന സർക്കാരിന് ബാധ്യതയില്ലെന്നും വ്യക്തമാക്കിയ ഹൈക്കോടതി തൊഴിലാളിയുടെ റിട്ട് ഹർജി തള്ളിക്കളഞ്ഞു.